# വാർഷിക ഉച്ചകോടി യോഗത്തിനായി പ്രധാനമന്ത്രി ജപ്പാൻ സന്ദർശിക്കുന്നു (നവംബർ 11-12, 2016)

ഒക്ടോബർ 28, 2016

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നവംബർ 11-12, 2016 ൽ ഔദ്യോഗികമായി ജപ്പാൻ സന്ദർശിക്കും . സന്ദർശനത്തോട് അനുബന്ധിച്ച് പ്രധാനമന്ത്രി മോദി ആദരണീയനായ ജപ്പാൻ ചക്രവർത്തിയുമായി കൂടിക്കാഴ്ച നടത്തുകയും പ്രധാനമന്ത്രി ഷിൻസൊ ആബേക്കൊപ്പം വാർഷിക ഉച്ചകോടി യോഗം നടത്തുകയും ചെയ്യും

പ്രധാനമന്ത്രി മോദിയും പ്രധാനമന്ത്രിയും തമ്മിലുള്ള മൂന്നാമത്തെ വാർഷിക ഉച്ചകോടി യോഗമാണിത് .ആഗസ്ത് - സെപ്തംബർ 2014 നു ജപ്പാനിലേക്ക് പ്രധാനമന്ത്രി മോദി നടത്തിയ സന്ദർശനം , ഇന്ത്യക്ക് പുറത്തു തൊട്ടടുത്ത അയൽരാജ്യത്തേക്ക് അദ്ദേഹം നടത്തിയ ആദ്യ ഉഭയകക്ഷി യാത്രയായിരുന്നു , അതിലൂടെ രണ്ടു രാജ്യങ്ങളുടെയും ബന്ധം "പ്രത്യേക തന്ത്രപ്രധാന ആഗോള പങ്കാളിത്ത " തലത്തിലേക്ക് ഉയർത്തപ്പെട്ടു . ന്യൂഡെൽഹിയിൽ 2016 ൽ നടന്ന അവസാന ഉച്ചകോടി യോഗത്തിൽ ലോകമെമ്പാടും , അതേ പോലെ ഇന്തോ-പസഫിക് മേഖലയിലും സമാധാനവും പുരോഗതിയും ഉണ്ടാകുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുവാനുള്ള ഒരു ദർശനത്തിന് പ്രധാനമന്ത്രി മോദിയും പ്രധാനമന്ത്രി ആബേയും രൂപം നൽകുകയുണ്ടായി

ഉഭയകക്ഷി , പരസ്പരം താത്പര്യമുള്ള മേഖലാ, ആഗോള വിഷയങ്ങൾ എന്നിവയിൽ ഗഹനമായ വിനിമയങ്ങൾ നടത്തുവാനും ഇന്ത്യയും ജപ്പാനും തമ്മിലുള്ള വിശാലാധിഷ്ഠിതവുമായതും പ്രവർത്തിയിൽ അധിഷ്ഠിതവുമായ പങ്കാളിത്തം കൂടുതൽ ആഴമുള്ളതാക്കുവാനും രണ്ടു നേതാക്കൾക്കും ഒരു അവസരമാകും നടക്കുവാനിരിക്കുന്ന വാർഷിക ഉച്ചകോടി യോഗം .

ന്യൂഡെൽഹി
ഒക്ടോബർ 28 , 2016